രത്തും ഉപയോഗിക്കുന്നതിന് ഹൗസ്ബോട്ടുകൾ വാങ്ങുക, മലബാർ ധോയുടെ നിർമ്മാണം മലബാർ മഹോത്സവം എന്നിവയാണ് മറ്റു പദ്ധതികൾ.

(സി) എക്കോ - ടൂറിസം പ്രസ്തുത ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

കെ.ടി.ഡി.സി ബിയർ പാർലറുകൾ

127(868)ശ്രീ. എ.സി. ഷൺമുഖദാസ് :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ടി.ഡി.സി വിവിധ പ്രദേശങ്ങളിൽ നടത്തിക്കൊണ്ടിരുന്ന ബിയർ പാർലറുകളും റസ്റ്റോറണ്ടുകളും പൂട്ടുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ എത്രയാണെന്നും ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇവ പൂട്ടാനുള്ള തീരുമാനം പുന:പരിശോധിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിൽനിന്ന് കോർപ്പറേഷന് നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്നതും വാടകകെട്ടിടങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്നതും ആയ ഏതാനും യൂണിറ്റുകൾ തുടരേണ്ടതില്ല എന്ന നിർദ്ദേശം കെ.ടി.ഡി.സി യുടെ പരിഗണനയിലുണ്ട്.

(ബി) ഏതൊക്കെ യൂണിറ്റുകളാണ് നിറുത്തേണ്ടത് എന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) രണ്ട് യൂണിയനുകളിൽനിന്നും നിവേദനം ലഭിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. ഇതിൻമേൽ തീരുമാനം കൈക്കൊള്ളേണ്ടത് കെ.ടി.ഡി.സി യുടെ ഡയറക്ടർ ബോർഡാണ് എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനാൽ ഗവൺമെന്റിൽനിന്നും ഇതേവരെ പ്രത്യേക നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

ശ്രീ നാരായണപുരം ദേവസ്വ ക്ഷേത്രത്തിന് ടൂറിസം വകുപ്പിൽ നിന്നും ധനസഹായം നൽകുവാൻ നടപടി

128(869) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിലെ തണ്ണീർമുക്കം വടക്ക് വില്ലേജിലെ ചെറുവാരണം ശ്രീനാരായണപുരം ദേവസ്വക്ഷേത്രത്തിൽ ചിങ്ങം, കന്നി, ധനു, മകരം മാസങ്ങളിൽ നടത്തുന്ന ഉത്സവങ്ങളിൽ ക്ഷേത്രകലകൾക്ക് പ്രാമുഖ്യം കൊടുക്കുന്നതുകൊണ്ട് വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾ ആകർഷിക്കപ്പെടുന്നു എന്ന വസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly